# കേരള കാർഷിക സർവ്വകലാശാല

മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ

നമ്പർ. അക്കാഡ്/സി1,40203/2015 തീയതി: 28.10.2016

## പത്രക്കുറിപ്പ്

കേരള കാർഷിക സർവ്വകലാശാല ആസ്ഥാനത്ത് കേരള എൻട്രൻസ് പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച 2016 ലെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ (KEAM) ൽ നിന്നും 31.10.2016 ന് നടത്താനിരുന്ന ബി.എസ്.സി. (ഓണേഴ്സ്) അഗ്രിക്കൾച്ചർ, ഫോറസ്ട്രി കോഴ്സുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ വിജ്ഞാപനം റദ്ദാക്കി. കേരള എൻട്രൻസ് പരീക്ഷാ കമ്മീഷണർ ഇതേ ദിവസം തന്നെ തിരുവനന്തപുരത്ത് വച്ച് കേന്ദ്രീകൃത സ്പോട്ട് അഡ്മിഷൻ നടത്തുന്നതിനാലാണ് ഇത്.

എന്നാൽ കേരള കാർഷിക സർവ്വകലാശാല ബി.എസ്.സി (ഓണേഴ്സ്) അഗ്രിക്കൾച്ചർ കോഴ്സിന് നേരിട്ട് പ്രവേശനം നടത്തുന്ന വി.എച്ച്.എസ്.സി. (അഗ്രി.) യോഗ്യതയുള്ളവർ, അർദ്ധ സൈനിക വിഭാഗങ്ങളിൽ നിന്നും വിരമിച്ചവരുടെ മക്കൾ എന്നീ വിഭാഗങ്ങൾക്കുള്ള യഥാക്രമം ആറും രണ്ടും സീറ്റുകളിലേയ്ക്കുള്ള പ്രവേശനം മുൻ നിശ്ചയിച്ച പ്രകാരം 31.10.2016 ന് ഉച്ചയ്ക്ക് 12.00 മണിക്ക് സർവ്വകലാശാലയുടെ വെള്ളാനിക്കര ആസ്ഥാനത്തെ സെൻട്രൽ ഓഡിറ്റോറിയത്തിൽ നടത്തുന്നതാണ്.

കേരള എൻട്രൻസ് പരീക്ഷാ കമ്മീഷണർ 2016 ൽ നടത്തിയ മെഡിക്കൽ പ്രവേശന പരീക്ഷയിൽ റാങ്ക് നേടിയ വി. എച്ച്. എസ്. സി. (അഗ്രി.) യോഗ്യതയുള്ളവരോ, അർദ്ധ സൈനിക വിഭാഗങ്ങളിൽ നിന്ന് വിരമിച്ചവരുടെ മക്കളോ ആയ പ്രവേശനാർത്ഥികൾക്ക് മാത്രമേ ഇതിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2016 ലെ എൻട്രൻസ് പരീക്ഷയുടെ റാങ്ക്, കാറ്റഗറി വ്യക്തമാക്കുന്ന ഡാറ്റാഷീറ്റ്, യോഗ്യത തെളിയിക്കുന്ന രേഖകളുടെ ഒറിജിനൽ/ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അർദ്ധ സൈനിക വിഭാഗത്തിൽ നിന്നും വിരമിച്ചവരുടെ മക്കൾ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നീ രേഖകളുമായി പ്രവേശനത്തിന് ഹാജരാകണം. വിശദ വിവരങ്ങൾ കേരള കാർഷിക സർവ്വകലാശാലയുടെ www.kau.in, www.admissions.kau.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

രജിസ്ട്രാർ

ബബി28102016